LIBRARY ARCHIVES Kerala Legislative Assembly

പോഷകാഹാരക്കുറവ് നേരിടുന്ന പട്ടികവർഗ്ഗക്കാരായ അമ്മയും കുഞ്ഞും

230 (6681) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോഷകാഹാരക്കുറവ് നേരിടുന്ന പട്ടികവർഗ്ഗക്കാരായ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും എണ്ണം കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുക എപ്രകാരം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രതിമാസം ആയിരംരൂപ വീതമുള്ള ആനുകൂല്യം എത്ര അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല. 'ജാതക്' എന്ന സോഫ്റ്റ്വെയറിന്റെ സഹായത്തോടെ അട്ടപ്പാടിയിലെ കടുത്ത പോഷണക്കുറവുള്ള പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണം 71 ആയും നേരിയ പോഷണക്കുറവുള്ള കുട്ടികളുടെ എണ്ണം 300 ആയും കണക്കാക്കിയിട്ടുണ്ട്.

(ബി) പോഷണക്കുറവ് പരിഹരിക്കുന്നതിനായി, 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുക 'ജനനി ജന്മ രക്ഷ' പദ്ധതിപ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയ്ക്കായി ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് തികയുന്നതുവരെ പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം പോസ്റ്റാഫീസ്വഴി മണിയോർഡറായി തുക ഗുണഭോക്താക്കൾക്ക് നൽകി.

(സി) 6384 അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൽകുന്നു.

പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ

231 (6682) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാരുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ഇവർ ഏതെല്ലാം വിഭാഗത്തിൽ പെട്ടവരാണ് എന്ന വിവരം നൽകുമോ ;

(സി) ഇവർക്കായി പട്ടികവർഗ്ഗവകുപ്പു മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ ?